# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5245 — 26.03.2018-ൽ മറുപടിക്ക്

**അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ അടച്ചുപൂട്ടാൻ നോട്ടീസ്**

| ചോദ്യം<br>ശ്രീ.പി. ഉബൈദുള്ള | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര വിദ്യാലയങ്ങൾക്കാണ് നോട്ടീസ് നൽകിയിട്ടുള്ളത്; | (എ) കേന്ദ്ര സർക്കാരിന്റെ 2009 - ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 16.03.2016- ലെ CRMP No. 4426/05/LA1/15/KeSCPCR ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018 - 19 അധ്യയന വർഷം മുതൽ അടച്ചു പൂട്ടുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും തുടർ നടപടി സ്വീകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതു പ്രകാരം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന 1585 സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് വിദ്യാഭ്യാസ അധികാരികൾ നോട്ടീസ് നൽകിയിട്ടുണ്ട്. |
| (ബി) സർക്കാർ നിശ്ചയിച്ച ഏതെല്ലാം മാനദണ്ഡങ്ങളുടെ കുറവുകളാണ് വിദ്യാലയങ്ങൾക്ക് നൽകിയ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ? | (ബി) 07.10.2011 - തീയതിയിലെ സ.ഉ. (കൈ) നം. 202/2011/പൊ.വി.വ. പ്രകാരവും 10.06.2013 തീയതിയിലെ സ.ഉ. (കൈ) നം. 184/2013/പൊ.വി.വ. പ്രകാരവും പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം അംഗീകാരം നേടാത്ത സ്കൂളുകൾക്കാണ് നോട്ടീസ് നൽകിയിട്ടുള്ളത്. |

Hema.V

സെക്ഷൻ ഓഫീസർ